പദ്ധതികളിൽ ഉൾപ്പെടുന്ന 10 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കുകയും അവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയുമാണ്.

(സി) പദ്ധതി പ്രകാരം ഓരോ ജില്ലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയപാതകളുടെ വികസനം

309(3196) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുക എത്രയെന്നും ഈ തുക മുഴുവൻ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ദേശീയപാതകൾ ഏതൊക്കെയെന്നും ഈ പാതകൾക്കായി കഴിഞ്ഞ 5 വർഷമായി ചെലവഴിച്ച തുകയും പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ദേശീയ പാതകളാണ് നാലുവരിപാതകൾ ആക്കുന്നതെന്നും ഓരോന്നിനും ചെലവഴിക്കുന്ന തുക എത്രയെന്നും പദ്ധതി പുരോഗതി എത്രയെന്നും ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷം 1095.18 കോടി രൂപ ചെലവഴിച്ചു. ഇതിൽ കേന്ദ്ര സർക്കാരിന്റെ പേ ആന്റ് അക്കൗണ്ട് ഓഫീസർ നിരസിച്ച 68.10 കോടി രൂപയും സി.ആർ.എഫിൽ നിന്നും ലഭിക്കാനുള്ള 98.05 കോടി രൂപയും ഒഴികെയുള്ള തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു.

(ബി) സംസ്ഥാനത്തെ ദേശീയപാതകൾ എൻ.എച്ച്.17, എൻ.എച്ച്.47, എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212 എൻ.എച്ച്.213, എൻ.എച്ച്.220, എന്നിവയാണ് ദേശീയപാതകളുടെ വികസനത്തിനായി കഴിഞ്ഞ 5 വർഷമായി 1095.18 കോടി രൂപ ചെലവഴിച്ചു.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച്.17, എൻ.എച്ച്.47 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് കേന്ദ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ എൻ.എച്ച്.ഡി.പി. ഫേയസ്-2&3-ൽ ഉൾപ്പെടുത്തി ദേശീയപാത വികസന അതോറിറ്റി മുഖാന്തിരമാണ്. ഇതിനാവശ്യമായ 1434.01 ഹെക്ടർ സ്ഥലത്തിൽ 205.54 ഹെക്ടർ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരികയാണ്. ഡി.പി.ആർ. തയ്യാറാക്കുമ്പോൾ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച് വിശദവിവരം ലഭ്യമാകുകയുള്ളൂ. മറ്റ് ദേശീയപാതകളുടെ വികസനത്തിനാവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഡി.പി.ആർ. പൂർത്തീകരിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിച്ചശേഷമേ ആവശ്യമായ തുകയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ.

കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങൾ

310(3197) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം കോട്ടക്കീൽക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പാലത്തിന്റെ ഡിസൈൻ പുതുക്കിയതിനെത്തുടർന്ന് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) ഇപ്പോൾ പാലത്തിന് ആകെ എത്ര സ്പാൻ ഉണ്ട്; ഇതിൽ എത്ര സ്പാനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ഡി) പാലത്തിന്റെ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും;

(ഇ) കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ്, മൂലക്കീൽ കാവിൻമുനമ്പ് പാലങ്ങളുടെ നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം കോട്ടക്കീൽക്കടവ് പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) പാലത്തിന്റെ ഡിസൈൻ പുതുക്കിയതിനെത്തുടർന്ന് പാലത്തിന്റെ നീളം 8 സ്പാനിൽ നിന്ന് 10 സ്പാനാക്കി മാറ്റുകയും പാലത്തിന്റെ സ്ലാബ് പ്രീ സ്ട്രസ്ഡ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പാലത്തിനാകെ 10 സ്പാൻ ഉണ്ട്. ആയതിൽ 6 എണ്ണം പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly